**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം : 4895** **27.10.2016 ലെ മറുപടിക്ക്**

## പബ്ലിക് ലൈബ്രറികൾ ആരംഭിക്കുവാനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള : | പ്രൊഫ. സി. രവീന്ദ്രനാഥ് (ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എവിടെയെല്ലാം പബ്ലിക് ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട് ; | (എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ ഗ്രന്ഥശാലകളും പബ്ലിക് ലൈബ്രറികളാണ്. കേരള പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാലാ സംഘം) ആക്ടും ചട്ടങ്ങളും അനുസരിച്ചാണ് ഇവ പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളിലും നഗരങ്ങളിലും ഇത്തരം ഗ്രന്ഥശാലകൾ ഉണ്ട്. കൂടാതെ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നേരിട്ട് നടത്തുന്ന കാസർഗോഡ് ജില്ലാ ലൈബ്രറി, കണ്ണൂർ ജില്ലാ ലൈബ്രറി, വയനാട് ജില്ലാ ലൈബ്രറി, കോഴിക്കോട് ജില്ലാ ലൈബ്രറി, എന്നീ ജില്ലാ ലൈബ്രറികളും, തലശ്ശേരി, തളിപ്പറമ്പ്, വടകര, കൊട്ടാരക്കര എന്നീ താലൂക്ക് ലൈബ്രറികളുമുണ്ട്. ക്വയിലോൺ പബ്ലിക് ലൈബ്രറി ആന്റ് റിസർച്ച് സെന്റർ, കോട്ടയം പബ്ലിക് ലൈബ്രറി, എറണാകുളം പബ്ലിക് ലൈബ്രറി എന്നിവയെ സ്പെഷ്യൽ ഗ്രേഡ് ലൈബ്രറികളായി സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) പബ്ലിക് ലൈബ്രറികൾ ആരംഭിക്കുവാനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ ; പുതുതായി ലൈബ്രറികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ലൈബ്രറികൾ അഫിലിയേറ്റ് ചെയ്യുന്നതിനുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.<br>1. നിർദ്ദിഷ്ട ഫോറത്തിൽ മൂന്ന് അപേക്ഷകൾ അഫിലിയേഷനായി സമർപ്പിക്കണം.<br>2. അപേക്ഷ തീയതിക്ക് മുമ്പ് ഒരു വർഷത്തിൽ കുറയാത്ത കാലത്ത് ലൈബ്രറി പ്രവർത്തിച്ചിരിക്കണം.<br>3. കുറഞ്ഞത് 50 അംഗങ്ങൾ ഉണ്ടായിരിക്കണം.<br>4. ലൈബ്രറിയിൽ കുറഞ്ഞത് 1000 പുസ്തകങ്ങൾ ഉണ്ടാകണം. അവയുടെ മുഖവില 5000/- രൂപയിൽ കുറയരുത്.<br>5. നിലവിലുള്ള അഫിലിയേറ്റഡ് ലൈബ്രറിയിൽ നിന്നും 2 Km അകലെയായിരിക്കണം. |

6. 15 ചതുരശ്ര മീറ്ററിൽ കുറയാത്ത സ്വന്തമോ, വാടകയ്ക്കോ ആയ കെട്ടിടം ഉണ്ടായിരിക്കണം.
7. എല്ലാ വിഭാഗം ജനങ്ങൾക്കും അംഗത്വം നൽകണം.
8. ലൈബ്രറി കുറഞ്ഞത് 6 ആനുകാലികങ്ങളും 3 ദിനപത്രങ്ങളും വരുത്തിയിരിക്കണം.
9. പ്രതിവർഷം 2000 പുസ്തക വിതരണം ഉണ്ടായിരിക്കണം.
10. ലൈബ്രറി പൊതുയോഗം അംഗീകരിച്ച നിയമാവലി ഉണ്ടായിരിക്കണം.
11. പതിനൊന്ന് അംഗങ്ങളിൽ അധികരിക്കാത്ത ഒരു യോഗം തിരഞ്ഞെടുത്ത ഭരണസമിതി ഉണ്ടായിരിക്കണം. അതിൽ ഒരാൾ വനിതയും ഒരാൾ പട്ടിക ജാതി/പട്ടിക വർഗത്തിൽപ്പെട്ടതും ആയിരിക്കണം. പുതുതായി ലൈബ്രറി ആരംഭിക്കുന്നത് സർക്കാർ തലത്തിൽ തീരുമാനിക്കുന്ന വിഷയം അല്ലായെങ്കിലും മേൽ പരാമർശിച്ച മാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷിക്കുന്ന ലൈബ്രറികൾക്ക് അഫിലിയേഷൻ നൽകുന്നതാണ്.

(സി) എങ്കിൽ മലപ്പുറം ജില്ലാ ആസ്ഥാനത്ത് ഒരു പബ്ലിക് ലൈബ്രറി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

(സി) മലപ്പുറം ജില്ലാ ആസ്ഥാനത്ത് കിംഗ് എഡ്വേർഡ് ലൈബ്രറി കുന്നുമ്മൽ, മലപ്പുറം പബ്ലിക് ലൈബ്രറി കോട്ടപ്പടി, പൊലീസ് ലൈബ്രറി കുന്നുമ്മൽ എന്നീ 3 പബ്ലിക് ലൈബ്രറികൾ ഇപ്പോൾ ഉള്ളതിനാൽ മലപ്പുറം ജില്ലാ ആസ്ഥാനത്ത് ഒരു പബ്ലിക് ലൈബ്രറി ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ